
ചുമതലപ്പെടുത്തലിന്

# ചുമതലപ്പെടുത്തലിന്റെ ശക്തി

ശക്തി



അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - The Power of Commitment)

# ചുമതലപ്പെടുത്തലിന്റെ ശക്തി

## ഉള്ളടക്കം


1. അവതാരിക 1

2. ചുമതലപ്പെടുത്തിയ ഒരു വ്യക്തിയുടെ സവിശേഷതകൾ 4

3. ചുമതലപ്പെടുത്തലിന്റെ വില 7

4. നിങ്ങൾ ചുമതലപ്പെട്ടവർ ആണോ? 13

# I

# അവതാരിക

ചുമതലപ്പെടുത്തൽ ഒരു യോഗ്യതയാണ്. എന്നാൽ ഇന്നത്തെ നാളുകളിൽ അതു ലഭിക്കുന്നതു വളരെ കഠിനമേറിയ കാര്യമാണ്, പ്രാപഞ്ചികമായ ലോകത്തിലും സഭകളിലും. നമ്മളിൽ അനേകരും ആഗ്രഹിക്കുന്നതു നമുക്കു ഏറ്റവും സൗകര്യപ്രദമായ കാര്യങ്ങൾ ചെയ്യുവാനാണ്. ചുമതലപ്പെടുത്തിയവരെ കാണുവാൻ സാധിക്കുന്നതിന്റെ പ്രയാസം ഇന്നത്തെ നാളുകളിൽ കൂടിക്കൂടി വരികയാണ്.

ചുമതലപ്പെടുത്തൽ എന്നാൽ എന്താണ്? ചുമതലപ്പെടുത്തൽ എന്നാൽ ചില കാര്യങ്ങളോടു വിശ്വസ്തതയും ആത്മാർത്ഥതയും ഉള്ളവരായിരിക്കുക എന്നാണ്. അതിന്റെ അർത്ഥം ചുമതലകളോടു വിവേകം ഉള്ളവരായിരിക്ക എന്നാണ്. ചില കാര്യങ്ങളെക്കുറിച്ചു മനഃപൂർവ്വമായും മാറ്റാൻ പാടില്ലാത്തതുമായ ഒരു തീരുമാനം എടുത്തു അതിൽതന്നെ ഉറച്ചുനിൽക്കുന്നതാണ് ചുമതലപ്പെടുത്തൽ. ചില കാര്യങ്ങളോടു നമ്മുടെ ചുറുചുറുക്കു പ്രകടിപ്പിക്കുന്നതാണു ചുമതലപ്പെടുത്തൽ. ഉദാഹരണമായി നമ്മൾ സംസാരിക്കുന്ന വാക്കുകളെ പരിഗണിക്കുക. സമയത്തെക്കുറിച്ചു നാം പറയുന്ന വാഗ്ദാനത്തെപ്പറ്റി ചിന്തിച്ചുനോക്കു. ഒരു വ്യക്തിയെ ഒരു നിശ്ചിതസമയത്തു കാണും എന്നു നാം പറയുകയും എന്നാൽ നാം ആകസ്മികമായിരിക്കുകയും ചെയ്യുക. നമ്മൾ അരമണിക്കൂർ താമസിച്ചു അവിടെ എത്തുകയും എന്നാൽ ഇതു വളരെ സാധാരണമാണെന്ന് നാം ചിന്തിക്കുകയും ചെയ്ക. നമ്മുടെ വാക്കിനോടു നാം ചുമതലപ്പെട്ടില്ല എന്നാണ് ഇതു കാണിക്കുന്നതു ഒരു വ്യക്തിയെ ഒരു നിശ്ചിതസമയത്തു കാണും എന്നു നമ്മൾ പറഞ്ഞാൽ, ആ സമയത്തുതന്നെ കാണാൻ നാം ചുമതലപ്പെട്ടവരാ

യിരിക്കണം. സമയത്തിന്റെ കൃത്യനിഷ്ഠ പാലിക്കുന്നതിൽ ചില പ്പോൾ പാസ്റ്റർമാരും ദൈവത്തിന്റെ വേലക്കാരും ഉദാസീനത കാണിക്കുന്നു എന്നതു ഞാൻ വളരെ ലജ്ജയോടെ പറയുന്നു. നിങ്ങൾ ദൈവത്തിന്റെ ഒരു വേലക്കാരൻ ആകുന്നു എങ്കിൽ, സമ യത്തിന്റെ കൃത്യനിഷ്ഠ പാലിക്കുന്നതാണു നിങ്ങൾ ചുമതലപ്പെട്ട വാക്കുകളുടെ ഏറ്റവും അതിപ്രധാനമായ പ്രകടിപ്പിക്കൽ. നിങ്ങൾ എന്തെങ്കിലും പറയുകയാണെങ്കിൽ അതു അർത്ഥമാക്കുകയും അതു പാലിക്കുവാൻ വളരെയധികം ശ്രമിക്കുകയും വേണം.

ചുമതലപ്പെടുത്തലിനെപ്പറ്റി വേദപുസ്തകം നമ്മെ പഠിപ്പി ക്കുന്നുണ്ട്. കർത്താവായ യേശു പറഞ്ഞു, “രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരു ത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.” (മത്തായി 6:24). യേശു ഇവിടെ അർത്ഥമാക്കുന്നതു നമ്മുടെ അന്തർലീനമായ സ്വഭാവ ത്തെയാണ്. തമ്മിൽ വിപരീതമായ ഒരു കാര്യത്തിലും മനുഷ്യന് രണ്ടു ചുമതലപ്പെടൽ പൂർത്തിയാക്കുവാൻ കഴികയില്ല. ഉദാഹര ണമായി നമുക്കു ദൈവത്തിന്റെ വേലയും ലോകത്തിന്റെ വേലയും ചെയ്യാൻ സാധിക്കത്തില്ല. ഒന്നിനേക്കാൾ ഉപരി മറ്റൊന്നിൽ നാം ചുമതലപ്പെട്ടവരായിരിക്കും. ഒരാൾക്കു ദൈവത്തിന്റെ സ്നേഹി തനും ലോകത്തിന്റെ സ്നേഹിതനും ആയിരിക്കുവാൻ കഴിയത്തി ല്ല. വചനം പറയുന്നു, “ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോക ത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവ ത്തിന്റെ ശത്രുവായിത്തീരുന്നു.” (യാക്കോബു 4:4). ഒന്നുകിൽ നമ്മൾ ദൈവത്തിന്റെ സ്നേഹിതനായിത്തീരുന്നു, അല്ലെങ്കിൽ ലോകത്തിന്റെ സ്നേഹിതനായിത്തീരുന്നു. രണ്ടു തരത്തിലുള്ള ചുമതലപ്പെടൽ ഒരിക്കലും സാധിക്കുന്നതല്ല. നമ്മൾ ഒരു യജമാ നനുവേണ്ടി ചുമതലപ്പെട്ടവർ ആയിരിക്കണം. യേശുവിനുവേണ്ടി

ചുമതലപ്പെട്ടവർ ആയിരിക്കുവാനായി യേശു നമ്മെ വിളിക്കുന്നു. യേശുവിന്റെ ശരീരത്തിൽ വളരെയധികം ചുമതലപ്പെട്ടവരായി നമ്മൾ പണിയണം. ചുമതലപ്പെടുത്തലിന്റെ ശക്തിയെയും നിങ്ങൾ ചെയ്യുന്ന എല്ലാറ്റിലും നിങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയേയും ആണ് ഈ പുസ്തകം ശക്തമായി പ്രതിപാദിക്കുന്നത്.

**ചുമതലപ്പെടുത്തൽ**

ചുമതലപ്പെടുത്തൽ അനുസരണം ആണ്. നമ്മൾ സസൂക്ഷ്മം ആലോചിച്ചു ഉറപ്പിക്കുന്ന ഒരു തിരഞ്ഞെടുക്കൽ ആണ്. തമ്മിൽ വിരുദ്ധമായിരിക്കുന്ന രണ്ടു കാര്യങ്ങൾക്ക് മനുഷ്യനു ചുമതലപ്പെട്ടവർ ആയിരിക്കുവാൻ കഴിയുന്നതല്ല.

# 2

# ചുമതലപ്പെടുത്തിയ ഒരു വ്യക്തിയുടെ സവിശേഷതകൾ

നമ്മളെ യഥാർത്ഥമായും ചുമതലപ്പെടുത്തിയവരാണെന്നു നമുക്കു എങ്ങനെ പറയുവാൻ സാധിക്കും.

## എന്തു വില കൊടുക്കുവാനുമുള്ള സമ്മതം

ദൈവത്തിന്റെ വിളിക്ക് ഒരു വ്യക്തി ചുമതലപ്പെട്ടവർ ആണെങ്കിൽ ആ വിളി പൂർത്തീകരിക്കപ്പെടുവാൻ എന്തു വിലയും കൊടുക്കുവാൻ ആ വ്യക്തി സമ്മതനായിരിക്കേണം. ചില മനുഷ്യർ ദൈവത്തിന്റെ വേല ചെയ്യുവാൻ ആഗ്രഹിക്കുന്നു എങ്കിലും ദൈവം ആഗ്രഹിക്കുന്ന സ്ഥാനത്തു എത്തുവാൻ കഠിനപ്രയത്നം ചെയ്യുവാൻ അവർക്കു സമ്മതമില്ല. നിങ്ങളുടെ ജീവിതത്തെക്കുറിച്ചു ദൈവത്തിനു ഒരു പദ്ധതിയും വിളിയും ഉണ്ട്. ഒരു കാര്യങ്ങളും സ്വയമേവ തുറക്കത്തില്ല. നിങ്ങൾ ദൈവത്തോടുകൂടെ ജോലി ചെയ്യുന്ന ഒരു വേലക്കാരനാണ്. ഒരു വേലക്കാരൻ വേല ചെയ്തെങ്കിലേ മതിയാവൂ. ദൈവത്തിന്റെ ഹിതം നിങ്ങളിൽ സ്വയമേവ നിവർത്തിക്കപ്പെടുവാൻ നിങ്ങൾ യാഗം അർപ്പിക്കുവാൻ ദൈവം നിങ്ങളെ വിളിച്ചേക്കാം. ദൈവത്തിന്റെ ഹിതത്തിന് നിങ്ങൾ പൂർണ്ണമായും ചുമതലപ്പെട്ടവർ ആണെങ്കിൽ ദൈവം ആഗ്രഹിക്കുന്ന ഏതു യാഗവും നിങ്ങൾ നിവർത്തിക്കും.

ചില വിശ്വാസികളെക്കുറിച്ചു വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നതു,

“അവർ അവനെ (സാത്താനെ) കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല.” (വെളിപ്പാടു

12:11). ഈ വിശ്വാസികൾ കർത്താവായ യേശുക്രിസ്തുവിനുവേണ്ടി വളരെയധികം ചുമതലപ്പെട്ടവർ ആയിരുന്നു. അവരുടെ ജീവൻ കൊടുക്കുവാൻ വേണ്ടിയും അവർ സന്മനസ്സുള്ളവർ ആയിരുന്നു. നമ്മൾ കർത്താവായ യേശുക്രിസ്തുവിനുവേണ്ടി ചുമതലപ്പെട്ട വർ ആണെങ്കിൽ നമ്മുടെ യജമാനനു വേണ്ടി ജീവൻ ത്യജിക്കു ന്നതിലും കൂടുതലായി വിലയുള്ള യാതൊന്നും ഇല്ല.

## എല്ലാ പ്രതികൂലങ്ങളെയും അതിജീവിക്കുവാനുള്ള സമ്മതം

ചുമതല ഏൽക്കപ്പെട്ട ഒരു വ്യക്തി ആ ചുമതല നിവർത്തിക്കുവാ നായി എല്ലാ പ്രതികൂലങ്ങളെയും അതിജീവിക്കുവാൻ സമ്മതനായി രിക്കേണം. എളുപ്പത്തിൽ ചുമതല ഉപേക്ഷിക്കുകയോ സൗകര്യമായ വേറൊരു വഴി നോക്കുകയോ ചെയ്യരുത്. തന്നെ ഏൽപ്പിച്ച ചുമതല നിവർത്തിപ്പാനായി ആ വ്യക്തി വളരെയധികം തീരുമാനം എടുത്ത ആൾ ആയിരിക്കണം. ആ വ്യക്തിയുടെ വഴിയിൽ വരാവുന്ന എല്ലാ തടസ്സങ്ങളെയും അതിജീവിച്ചു തന്റെ ചുമതല തുടരുകയും തന്നെ ഏൽപ്പിച്ചിരിക്കുന്ന ചുമതല പൂർത്തീകരിക്കാൻ തന്നാൽ കഴിയുന്ന തെല്ലാം ചെയ്യുകയും വേണം. എന്നാൽ ഒരു വ്യക്തി യഥാർത്ഥമായും ചുമതലപ്പെട്ടവൻ അല്ലെങ്കിൽ കാര്യങ്ങൾ സൗകര്യപ്പെട്ടാൽ അവൻ വാഗ്ദാനം ചെയ്തതു മാത്രമേ ചെയ്യുകയുള്ളൂ. അവൻ വാഗ്ദാനം ചെയ്തതും ചെയ്യാതിരിക്കുവാൻ കാര്യങ്ങൾ വിഷമമുള്ളതായി വരു മ്പോൾ മാറ്റങ്ങൾ വരുത്തുവാൻ അവൻ ശ്രമിക്കും.

## ചുമതലപ്പെടുത്തലിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള കഴിവ്

ഒരു വ്യക്തിയെ ചുമതലപ്പെടുത്തുമ്പോൾ ആ വ്യക്തി തന്റെ ചുമ തലയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. എളുപ്പമായി ശ്രദ്ധ വ്യതിചലിപ്പി ക്കുവാൻ കഴിയത്തില്ല. എന്നാൽ ഒന്നിലും ചുമതലപ്പെടാത്ത ഒരു വ്യക്തി ചുമതലയിൽനിന്നു മാറിപ്പോകുകയും എവിടെ സൗകര്യ പ്രദമാണോ അവിടേക്കു പോകുകയും ചെയ്യും.

“അവർ വഴിപോകുമ്പോൾ ഒരുത്തൻ യേശുവിനോടു: നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശു അവനോടു: കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്; മനുഷ്യപുത്രന്നോ തല ചായിപ്പാൻ സ്ഥലമില്ല എന്നു പറഞ്ഞു. വേറൊരുത്തനോടു: എന്നെ അനുഗമിക്ക എന്നു പറഞ്ഞാരെ അവൻ: ഞാൻ മുമ്പെപോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു. അവൻ അവനോടു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീയോ പോയി ദൈവരാജ്യം അറിയിക്ക എന്നു പറഞ്ഞു. മറ്റൊരുത്തൻ: കർത്താവേ ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിൽ ഉള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു. യേശു അവനോടു: കലപ്പെക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല എന്നു പറഞ്ഞു.” (ലൂക്കോസ് 9:57-62)

ഈ വേദഭാഗത്തിലൂടെ യേശു നമ്മെ പഠിപ്പിക്കുന്ന സത്യം, നാം ചുമതലപ്പെട്ടവരാണെങ്കിലും, കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം എന്നു തീരുമാനം എടുത്തവരുമാണെങ്കിൽ ഇതെപ്പറ്റി രണ്ടു വഴികൾ ഇല്ല എന്നുള്ളതാണ്. യേശുവിനോടുള്ള നമ്മുടെ ചുമതല, യേശുവിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കാരണമായിത്തീരും. ലോകവുമായിട്ടുള്ള എല്ലാ ബന്ധങ്ങൾക്കും അയവു വരുത്തുവാനും. നമ്മുടെ കുടുംബത്തെയും പ്രിയപ്പെട്ടവരെയും മറന്നുകളയുവാനല്ല യേശു പറുന്നത്. ഇവിടെയുള്ള സത്യം എന്തെന്നാൽ ചുമതല ഏൽക്കപ്പെട്ട ഒരു വ്യക്തി തന്റെ ചുമതലയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. എത്ര വലിയ കുടുംബത്തിന്റെ ചുമതലകളിൽനിന്നും ചുമതലയേൽക്കപ്പെട്ട ഒരു വ്യക്തിയുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുവാൻ കഴിയുന്നതല്ല. യേശുക്രിസ്തുവിനെ അനുഗമിക്കുവാനുള്ള വിളിയിൽ നിന്നും ലോകപരമായിട്ടുള്ള ഒന്നിനും ഒരു വ്യക്തിയുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുവാൻ കഴിയുന്നതല്ല.

# 3

# ചുമതലപ്പെടുന്നതിന്റെ വില

ചുമതലപ്പെടുന്നതിന്റെ വില എന്താണ്? എല്ലാവരും അവരവർക്കു സൗകര്യപ്രദമായ കാര്യങ്ങൾ ചെയ്യുമ്പോൾ, ഞാനും നിങ്ങളും എന്തിന് വ്യത്യസ്തരായിരിക്കേണം? എന്തിനി നമ്മൾ ചുമതലപ്പെട്ടവർ ആകേണം? ചുമതലപ്പെടുന്നതിന്റെ പ്രയോജനങ്ങൾ എന്തൊക്കെയാണ്.?

## ബലം, സ്ഥിരത, നിശ്ചയം

ചുമതലപ്പെടുന്നതിലൂടെ ബലത്തിന്റെയും സ്ഥിരതയുടെയും നിശ്ചയത്തിന്റെയും ഒരു അളവു നമ്മുടെ ജീവിതത്തിൽ ലഭിക്കുന്നു. ഈ അളവ്, നമ്മുടെ ജീവിതത്തിൽ വിഷമമേറിയ സന്ദർഭങ്ങൾ വരുമ്പോൾ കുലുങ്ങിപ്പോകാതെ നില്പാൻ നമ്മെ സഹായിക്കുന്നു.

“ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു.” (യാക്കോ 1:8) വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ യാക്കോബു അപ്പോസ്തലൻ നമ്മെ പഠിപ്പിച്ചതിനുശേഷം, ഇരുമനസ്സുള്ള ഒരു മനുഷ്യനെപ്പറ്റിയുള്ള പൊതുവായ പ്രസ്താവന ചുരുക്കി പറഞ്ഞിരിക്കുന്നു. ഇരുമനസ്സുള്ള ഒരു മനുഷ്യൻ അസ്ഥിരനും വിശ്വസിക്കാനാവാത്തവനുമാകുന്നു. എന്നാൽ, ഇതിനു വിപരീതമായിട്ടുള്ളതും സത്യം ആകുന്നു. ഒരു മനസ്സുള്ള ഒരു മനുഷ്യൻ - തന്റെ മനസ്സിനെ ഉറപ്പിച്ചവൻ - ചുമതലപ്പെട്ട ഒരു വ്യക്തി-സ്ഥിരതയുള്ളവനും കുലുങ്ങാത്തവനും ആകുന്നു.

## അനുഗ്രഹങ്ങൾ

ചുമതല ഏൽക്കപ്പെട്ട ഒരു വ്യക്തി, ചുമതല ഏൽക്കപ്പെടാത്ത ഒരു വ്യക്തിയേക്കാൾ വളരെ അധികമായി പ്രയോജനങ്ങളും അനു

ഗ്രഹങ്ങളും ലഭിച്ചു ആനന്ദിക്കാം.

“വിശ്വസ്തനായ ഒരു പുരുഷൻ ചുമതല ഏൽക്കപ്പെട്ടവനാണ്. അവന്റെ പൂർണ്ണഹൃദയത്തോടു കൂടിയുള്ള ചുമതല ഏൽക്കൽ അവനെ വിശ്വസ്തനാക്കിത്തീർക്കുന്നു. പൂർണ്ണഹൃദയത്തോടെ പ്രവൃത്തികൾ ചെയ്തു ആനന്ദിക്കുന്നതുപോലെ അരമനസ്സോടെ പ്രവൃത്തികൾ ചെയ്യുന്നവർക്കു സാധിക്കത്തില്ല. പൂർണ്ണഹൃദയത്തോടെ പ്രവൃത്തികൾ ചെയ്യുന്നവർ തീർച്ചയായും മെച്ചപ്പെട്ട ജോലികൾ ചെയ്യും എന്നുള്ളതിനും അവർക്കു നല്ല പ്രതിഫലം ലഭിക്കും എന്നുള്ളതിനും യാതൊരു സംശയവുമില്ല.

നമ്മുടെ ഭൗതികശരീരത്തെപ്പറ്റി ചിന്തിച്ചു നോക്കുക. എല്ലാ അവയവങ്ങളും ഒന്നായി ചേർന്നു ഒരു ശരീരമായി പ്രവർത്തിക്കുവാനാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. ഇന്നു നിങ്ങളുടെ കൈകൾ നിങ്ങളുടെ ശരീരത്തോടു യോജിപ്പിച്ചിരിക്കുന്നതും നാളെ വായുവിൽ ചലിക്കുന്നതും വേറെ ഒരാളുടെ ശരീരത്തോടും യോജിപ്പിച്ചിരിക്കുന്നതും നിങ്ങൾക്കു കാണ്മാൻ സാധിക്കത്തില്ല. അതുപോലെ നിങ്ങളുടെ ഹൃദയം ഇന്ന് നിങ്ങളുടെ ശരീരത്തിൽ പ്രവേശിക്കുന്നതും നാളെ വേറെ ഒരു വ്യക്തിയുടെ ശരീരത്തിൽ പ്രവർത്തിക്കുന്നതും നിങ്ങൾക്കു കാണ്മാൻ സാധിക്കത്തില്ല. നമ്മുടെ ശരീരത്തിലെ അവയവങ്ങളെ നീക്കപ്പെട്ടതും തനിയെ പ്രവർത്തിക്കുന്നതുമായിട്ടാണ് ദൈവം ആസൂത്രണം ചെയ്തതെങ്കിൽ നമ്മുടെ ശരീരഭാഗങ്ങൾ – ഹൃദയം, ശ്വാസകോശം, കൈകൾ, കണ്ണുകൾ ഇവയൊക്കെയും ഒഴുകി നടന്നേനേ. എപ്പോൾ എങ്കിലുമൊക്കെ ഈ അവയവങ്ങൾ ഒക്കെ ഒന്നായി ചേർന്ന് എന്തെങ്കിലുമൊക്കെ ചെയ്യുകയും വീണ്ടും ചിതറിപ്പോകുകയും ചെയ്യുമായിരുന്നു. ഇതു വളരെ പരിഹാസ്യമായി കാണുവാൻ സാധിക്കും. എന്നാൽ നമ്മുടെ ഭൗതികശരീരം ഇങ്ങനെ പ്രവർത്തിക്കുവാനല്ല ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്നോർത്തു നാം ദൈവത്തോടും നന്ദി

യുള്ളവരായിരിക്കണം. ശരീരത്തിലെ ചില അവയവങ്ങളെ പറിച്ചു നടുവാൻ വൈദ്യശാസ്ത്രം സാദ്ധ്യമാക്കിയെങ്കിലും പൊതുവായ നിയമം നമ്മുടെ ഓരോ അവയവങ്ങളും നമ്മുടെ ശരീരത്തിന്റേ താണെന്നും നമ്മുടെ ശരീരത്തോടു ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ഏറ്റവും നല്ലതായി പ്രവർത്തിക്കുന്നു എന്നുമുള്ളതാണ്. അവയ വങ്ങൾ എല്ലാം ഒന്നായിച്ചേർന്ന് അതിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി പൂർത്തീകരിക്കുന്നു.

ക്രിസ്തുവിന്റെ മുഴുവൻ ശരീരത്തിന്റെയും ഭാഗമായ നമ്മുടെ തദ്ദേശ സഭകളോട് അറിയിക്കുവാനുള്ള ഒരു സന്ദേശം നമ്മുടെ ഭൗതിക ശരീരത്തിനുണ്ട്. തദ്ദേശ സഭകളെക്കുറിച്ചു നാം ചിന്തി ക്കുമ്പോൾ, ജനങ്ങൾ ഒരു സഭ വിട്ടുമാറി വേറൊരു സഭയിലേക്കു പോകുന്നതു കാണുവാൻ സാധിക്കും. ദൈവജനം ഇങ്ങനെയുള്ള ക്രിസ്തീയജീവിതം നയിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. ഓരോ വിശ്വാസിയും ദൈവം തങ്ങളെ വിളിച്ചിരിക്കുന്നു എന്നു വിശ്വസിക്കുകയാണെങ്കിൽ തദ്ദേശ സഭകളിൽ അവർ ചുമതല പ്പെട്ടവർ ആയിരിക്കണം. ദൈവം നമ്മെ ആക്കിയിരിക്കുന്ന തദ്ദേശ സഭയിലെ വിശ്വാസികളുടെയിടയിൽ നമ്മൾ ചുമതല പ്പെട്ടവർ ആയിരിക്കേണം. തദ്ദേശ സഭയിൽ നാം വിശ്വസ്തരാ യിരുന്നാൽ മാത്രമേ ആ സഭയിലെ ഒരു അംഗം ആയിരിക്കുന്ന തിന്റെ പൂർണ്ണ അനുഗ്രഹങ്ങൾ നമുക്കു അനുഭവമാക്കുവാൻ കഴി യുകയുള്ളൂ. ഒരു സഭയിൽ നിന്നും വേറൊരു സഭയിലേക്കു മാറിക്കൊണ്ടിരിക്കുന്നവർക്കു കൂടുതലായി ഒന്നും ചെയ്യുവാൻ സാധിക്കുകയോ, കാര്യങ്ങൾ നടപ്പാക്കുന്നതിൽ സഹായിക്കു വാനോ സാധിക്കുകയില്ല.

നമ്മൾ ചുമതലപ്പെട്ടവർ ആയിത്തീർന്നെങ്കിൽ മാത്രമേ നില നിൽക്കുന്ന അനുഗ്രഹങ്ങളും പ്രയോജനങ്ങളും നമുക്കു സ്വന്തമാ ക്കുവാൻ കഴിയുകയുള്ളൂ. നമ്മിൽ അനേകരും ആഗ്രഹിക്കുന്നത് **"ഞായറാഴ്ച രാവിലത്തെ നേരമ്പോക്ക്"** മാത്രം ആണ്. അതു

കൊണ്ടാണ് നമ്മൾ ഒരു സഭവിട്ടു മറ്റൊരു സഭയിലേക്കു മാറി ക്കൊണ്ടിരിക്കുന്നത്. നമ്മൾ കേൾക്കുവാൻ ആശിക്കുന്ന സന്ദേശം പാസ്റ്റർ പറയണം എന്നാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ, പാസ്റ്റർ കർത്താവിന്റെ വചനം ആണ് പ്രസംഗിക്കുന്നതെങ്കിൽ – സാധാരണയായി നമ്മൾ ആഗ്രഹിക്കുന്നതിലും വ്യത്യസ്തമായി ട്ടാണ് പ്രസംഗിക്കുന്നതെങ്കിൽ – നമ്മുടെ ചുമതലപ്പെടൽ ജനലി ലൂടെ വെളിയിലേക്കു പോകുകയും നാം വാതിലിലൂടെ വെളിയി ലേക്കു പോകുകയും ചെയ്യുന്നു. നിലനിൽക്കുന്നതായ അനുഗ്ര ഹങ്ങളും പ്രയോജനങ്ങളും നമുക്കു വേണം എങ്കിൽ തദ്ദേശസഭ കളിൽ നാം ചുമതലപ്പെട്ടവരായിരിക്കേണം. ആ സഭകളിൽ നമ്മൽ വേല ചെയ്യുകയും സേവനം അനുഷ്ഠിക്കുകയും വേണം.

## പ്രതിഫലങ്ങൾ

‘ശുഷ്ക്കാന്തിയോടെ ദൈവത്തെ അന്വേഷിക്കുന്നവർക്കു ദൈവം പ്രതിഫലം കൊടുക്കുന്നു” (എബ്രായർ 11:6).

നമ്മൾ ദൈവത്തെ വളരെ ശുഷ്ക്കാന്തിയോടെ അന്വേഷി ക്കുന്നവർ ആയിരിക്കണം. ദൈവത്തെ അന്വേഷിക്കുന്ന ഒരു ചുമ തല നമുക്കുണ്ട്. ദൈവത്തെ അന്വേഷിക്കുന്നതിൽ നാം ചുമതല പ്പെട്ടവർ ആണോ അതൊ നമുക്കു ഒഴിവായി ലഭിക്കുന്ന സമ യത്തു മാത്രമാണോ നാം ദൈവത്തെ അന്വേഷിക്കുന്നത്. ദൈവ ത്തിന്റെ വചനം പഠിക്കുവാനും പ്രാർത്ഥിക്കുവാനും നാം ചുമത ലപ്പെട്ടവർ ആയിത്തീർന്നിട്ടുണ്ടോ അതൊ സമയം അനുവദി ച്ചാൽ മാത്രമേ നാം ദൈവത്തെ അന്വേഷിക്കാറുള്ളോ. ദൈവത്തെ ശുഷ്ക്കാന്തിയോടെ അന്വേഷിക്കുന്നവർക്കു മാത്രം ആണ് ദൈവം പ്രതിഫലം കൊടുക്കുന്നതെന്നാണ് വേദപു സ്തകം പറയുന്നത്. അല്ലാതെ തങ്ങൾക്കു സൗകര്യം കിട്ടുമ്പോ ഴെല്ലാം ദൈവത്തെ അന്വേഷിക്കുന്നവർക്കല്ല. ചുമതലപ്പെട്ടവർക്ക് ദൈവത്തിന്റെ പ്രതിഫലങ്ങൾ അവരുടെ ജീവിതത്തിൽ അനുഭ വമാക്കുവാൻ കഴിയും.

## പുരോഗതി

"നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ട തിന്നു ഇതു കരുതുക, ഇതിൽ തന്നേ ഇരുന്നുകൊൾക." (1 തിമൊ ഥെയൊസ് 4:15)

ചുമതലയേൽക്കപ്പെട്ട ഒരു വ്യക്തിയാണ് പുരോഗതി (അഭി വൃദ്ധി) പ്രാപിക്കുവാൻ പോകുന്നത്. എങ്ങനെയാണ് ദൈവ ത്തിന്റെ ഒരു ശുശ്രൂഷക്കാരൻ ആയിരിക്കേണ്ടത് എന്നു ചെറുപ്പ ക്കാരനായ തിമെഥെയൊസിനോടു പൗലൊസ് അപ്പൊസ്തലൻ ഉപദേശം കൊടുക്കുന്നു. പൗലൊസ് കൊടുത്ത ഉപദേശങ്ങൾ അരമനസ്സോടെയും സൗകര്യമുള്ളപ്പോഴും മാത്രമല്ല, എല്ലാ യ്പോഴും പൂർണ്ണഹൃദയത്തോടെ അനുസരിക്കുവാനാണ് ആജ്ഞാപിച്ചിരിക്കുന്നത്. അങ്ങനെ അനുസരിച്ചു ചെയ്യുമ്പോൾ അവന്റെ പുരോഗതി (അഭിവൃദ്ധി), പക്വത, ആത്മീയ വളർച്ച, സ്ഥാനകയറ്റം ഇവയെല്ലാം മറ്റുള്ളവർക്കു കാണുവാൻ സാധിക്കും എന്നാണ് പൗലൊസു പറയുന്നത്. ഈ മൂലതത്വം നമ്മുടെ ഓരോ രുത്തരുടെയും ജീവിതത്തിൽ നാം അനുഭവം ആക്കേണം. ദൈവ ത്തിന്റെ ശുശ്രൂഷ ചെയ്യാൻ നാം ചുമതലപ്പെട്ടവർ ആയിരിക്ക ണം. നല്ല ഒരു കൊയ്ത്തിനുവേണ്ടി നാം ചുമതലപ്പെട്ടവർ ആയി രിക്കണം. മറ്റുള്ള വിശ്വാസികൾക്കു ഒരു മാതൃക ആയിരിക്കാൻ നാം ചുമതലപ്പെട്ടവർ ആയിരിക്കണം. ഒരു സഭയെ നയിക്കുന്ന തിന് നാം ചുമതലപ്പെട്ടവർ ആയിരിക്കണം. ഇങ്ങനെ നാം ചുമ തലപ്പെട്ടവരായി പ്രവർത്തിക്കുമ്പോൾ നമ്മുടെ അഭിവൃദ്ധി മറ്റു ള്ളവർക്കു കാണുവാൻ സാധിക്കും. ചുമതലപ്പെട്ടു പ്രവർത്തി ക്കുന്നവർ മാത്രമേ അഭിവൃദ്ധി പ്രാപിക്കുകയുള്ളൂ. അരമന സ്സോടെ പ്രവർത്തിക്കുന്ന ഒരു വ്യക്തി നിശ്ചലമായിത്തന്നേ ഇരി ക്കും. നമ്മളെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുമ്പോൾ മാത്രമേ – നമ്മുടെ ആത്മാവ്, മനസ്സ്, ശരീരം – നമ്മുടെ മുമ്പിൽ ദൈവം തന്നിരിക്കുന്ന വേലക്കായി, എങ്കിൽ മാത്രമേ നമുക്കു

അഭിവൃദ്ധി പ്രാപിക്കുവാനും നമ്മുടെ അഭിവൃദ്ധി മറ്റുള്ളവർ കാണുവാനും സാധിക്കുകയുള്ളൂ.

**ചുമതലപ്പെടുന്നതിന്റെ പ്രയോജനങ്ങൾ**

→ ആത്മീയബലം, ആത്മീയ സ്ഥിരത, ആത്മീയ നിശ്ചയം

→ ആത്മീയ അനുഗ്രഹങ്ങൾ

→ ആത്മീയ പ്രതിഫലങ്ങൾ

→ ആത്മീയ അഭിവൃദ്ധി

# 4

# നിങ്ങൾ ചുമതലപ്പെട്ടവർ ആണോ?

നമ്മുടെ ചുമതലപ്പെടലിനെപ്പറ്റി ആരെങ്കിലും നമ്മോടു ചോദിക്കുകയാണെങ്കിൽ, നമ്മൾ ചുമതലപ്പെട്ടവർ ആണെന്ന് പെട്ടെന്നു നമുക്കു ഉത്തരം പറയുവാൻ കഴിഞ്ഞേക്കും. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നമ്മുടെ ചുമതലപ്പെടലിനെക്കുറിച്ചു കൂടുതൽ വെളിച്ചം തരുവാൻ നമ്മെ സഹായിക്കും.

→ നമ്മൾ ചുമതലപ്പെട്ടവർ ആണോ അതൊ നമ്മുടെ സൗകര്യം അനുസരിച്ചാണോ നാം ജീവിക്കുന്നത്?

→ ശരിയായ വിധത്തിൽ കാര്യങ്ങൾ ചെയ്യുവാൻ നാം ചുമതലപ്പെട്ടവർ ആണോ? എല്ലായ്പ്പോഴും എല്ലായിടത്തും എല്ലാ സാഹചര്യങ്ങളിലും ശരിയായ കാര്യങ്ങൾ ചെയ്യാനും നീതിക്കുവേണ്ടിയും നാം ചുമതലപ്പെട്ടവർ ആണോ? അതൊ നമ്മുടെ സൗകര്യപ്രകാരം കാര്യങ്ങൾ ചെയ്വാനാണോ നമ്മൾ ചുമതലപ്പെട്ടിരിക്കുന്നത്?

→ കർത്താവായ യേശുക്രിസ്തുവിനോടും തദ്ദേശസഭയോടും ക്രിസ്തുവിന്റെ ശരീരത്തോടും നാം ചുമതലപ്പെട്ടവർ ആണോ?

→ നമ്മുടെ ജീവിതപങ്കാളിയോടും, നമ്മുടെ വിവാഹജീവിതത്തോടും നമ്മുടെ കുടുംബത്തോടും നാം ചുമതലപ്പെട്ടവർ ആണോ? നമ്മുടെ കുടുംബജീവിതത്തിലെ ഉയർച്ചകളിലും താഴ്ചകളിലും നമ്മുടെ ജീവിതപങ്കാളിയെ നാം സ്നേഹിക്കുമോ?

→ നമ്മുടെ ജീവിതത്തിൽ നാം ചെയ്ത വാഗ്ദത്തങ്ങളോടു നാം ചുമതലപ്പെട്ടവർ ആണോ?

→ നമ്മുടെ ജോലിസ്ഥലത്തോടും, മേലധികാരിയോടും, കൂടെ ജോലി ചെയ്യുന്നവരോടും, സുഹൃത്തുക്കളോടും നാം ചുമ തലപ്പെട്ടവർ ആണോ?

→ ദൈവത്തോടുകൂടെ സമയം ചെലവഴിക്കുന്നതിൽ നാം ചുമ തലപ്പെട്ടവർ ആണോ?

കർത്താവായ യേശുക്രിസ്തുവിനോടുള്ള നമ്മുടെ ചുമതല പ്പെടൽ എത്ര ആഴമേറിയതാണ്? കർത്താവായ യേശു പറഞ്ഞു "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാ നത്തോളം സഹിച്ചുനിൽക്കുന്നവനോ രക്ഷിക്കപ്പെടും." (മത്തായി 10:22) നമുക്കു സൗകര്യം ഉള്ളപ്പോഴും എളുപ്പം ഉള്ളപ്പോഴും ആണോ നമ്മൾ യേശുക്രിസ്തുവിനോടു ചുമതലപ്പെട്ടവർ ആയിരിക്കുന്നത്? നമ്മുടെ ജീവിതത്തിന്റെ അവസാനംവരെയും, മനുഷ്യർ നമ്മെ പ കെച്ചാലും, യേശുവിനെ അനുഗമിക്കുവാനാണോ നാം ചുമതല പ്പെട്ടവർ ആയിരിക്കുന്നത്? യേശുക്രിസ്തുവിനോടുള്ള നമ്മുടെ ചുമ തലപ്പെടുത്തലിന്റെ ആഴം എത്രത്തോളം ആണ്?

നമ്മുടെ തദ്ദേശസഭയോടുള്ള നമ്മുടെ ചുമതലപ്പെടൽ എങ്ങി നെയാണ്? നല്ല സംഗീതമുണ്ടായിരിക്കുമ്പോഴും നല്ല പ്രസംഗം ഉണ്ടായിരിക്കുമ്പോഴും എല്ലാം ശാന്തമായും നല്ലതുപോലെയും നടന്നുകൊണ്ടിരിക്കുമ്പോൾ മാത്രമാണോ തദ്ദേശസഭയോടു നാം ചുമതലപ്പെട്ടവർ ആയിരിക്കേണ്ടത്? സഭ വലിയ പ്രതിസന്ധിക ളിലൂടെ കടന്നുപോകുമ്പോഴും നാം ചുമതലപ്പെട്ടവർ ആയിരി ക്കുന്നുണ്ടോ? അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം ആ സഭ യിൽത്തന്നെ നിൽക്കുമോ അതൊ വേറൊരു സഭ അന്വേഷിച്ചു പോകുമോ?

"എല്ലാ മനുഷ്യരുടെയും' സഭയിൽ, എല്ലായിടത്തും പോയി യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുവാൻ ഞങ്ങൾ ചുമതലപ്പെട്ടവരാണ്. യേശുക്രിസ്തുവിനെക്കുറിച്ചു ഞങ്ങൾ

പോയി പ്രസംഗിക്കുമ്പോൾ അനിവാര്യമായി ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കും. ഞങ്ങൾക്കു മനുഷ്യരുടെ ഉപദ്രവങ്ങൾ ഉണ്ടായേക്കാം. മനുഷ്യരുടെ ഉപദ്രവങ്ങൾ ഉണ്ടാകുമ്പോൾ ഞങ്ങൾ തദ്ദേശസഭയിൽ തന്നേ നിൽക്കുമോ അതൊ വേറെ എവിടെയെങ്കിലും പോകുമോ? കർത്താവേ ഞാൻ ഈ സഭയുടെ ഒരു ഭാഗമാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, ഈ സഭ ഉപദ്രവിക്കപ്പെട്ടാലും എന്റെ വഴിയിൽ എന്തെല്ലാം വന്നാലും ഞാൻ ചുമതലപ്പെട്ടവനായി ഉറച്ചുനിൽക്കും എന്ന് നമുക്കു പറയുവാൻ കഴിയുമോ? എല്ലാം വളരെ ഭംഗിയായും എളുപ്പമായും ഉപദ്രവിക്കപ്പെടാൻ സാദ്ധ്യതയില്ലാത്തതുമായ ഒരു തദ്ദേശസഭയാണ് നിങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നതെങ്കിൽ, എല്ലാ മനുഷ്യരുടെയും സഭയല്ല നിങ്ങൾക്കു വേണ്ടത്. ലജ്ജ കൂടാതെ യേശുവിനെ പ്രസംഗിക്കുന്നതും അങ്ങനെ ചെയ്യുമ്പോൾ ഉപദ്രവിക്കപ്പെടുന്നതും യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിയതും ആയ ഒരു സഭയ്ക്കുവേണ്ടിയാണ് നിങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നതെങ്കിൽ, എല്ലാ മനുഷ്യരുടെയും സഭയിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു.

അന്ധകാരത്തിൽനിന്നും ദൈവത്തിന്റെ അത്ഭുതപ്രകാശത്തിലേക്ക് ജനങ്ങളെ കൊണ്ടുവരുവാൻ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിക്കുവാൻ ദൈവം നമ്മളെ നിയോഗിച്ചിരിക്കുകയാണ്. ഈ കല്പന നമ്മൾ ചെയ്യുവാൻ തുടങ്ങുമ്പോൾ പിശാച് അടങ്ങിയിരിക്കത്തില്ല. എന്നാൽ ഒരു തദ്ദേശസഭയിലെ അംഗമായിരിക്കുമ്പോൾ ഉപദ്രവങ്ങളെ സഹിക്കുവാനും ശക്തരായി മുന്നേറുവാനും നാം ഒരുക്കമുള്ളവർ ആയിരിക്കണം. ഇതായിരിക്കണം നമ്മുടെ ചുമതലപ്പെടൽ. ഒരു സഭയായ നമ്മളോടു ദൈവം തന്നിരിക്കുന്ന ദർശനത്തിന് നാം ചുമതലപ്പെട്ടവർ ആയിരിക്കണം.

നമ്മുടെ തദ്ദേശസഭയിലെ മറ്റ് അംഗങ്ങളോടു നാം ചുമതലപ്പെട്ടവർ ആണോ? ഓരോരുത്തരെയും നമ്മൾ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടോ?

നമ്മുടെ നഗരത്തിലുള്ള ക്രിസ്തുവിന്റെ സഭയോടു നാം ചുമതലപ്പെട്ടവരാണോ? നമ്മുടെ നഗരത്തിലുള്ള സഭകളോടും ദൈവം സുവിശേഷം ഭരമേല്പിച്ചിരിക്കുന്ന സഭാശുശ്രൂഷകന്മാരോടും നാം ചുമതലപ്പെട്ടവർ ആണെങ്കിൽ, അവരെക്കുറിച്ചു മോശമായി പറയുവാൻ നമ്മൾ വിസമ്മതിക്കും. എല്ലായ്പ്പോഴും അവരെപ്പറ്റി നല്ല കാര്യങ്ങൾ മാത്രമേ നമ്മൾ അന്വേഷിക്കുകയുള്ളൂ. അവരിൽ ചിലർ വീണുപോയാലും ഇടറിയാലും തെറ്റുകൾ വരുത്തിയാലും അവരെ ഉപേക്ഷിച്ചുകളയാതെ നമ്മൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

നമ്മുടെ ജീവിതങ്ങൾക്കുവേണ്ടി ദൈവം നമ്മളെ വിളിച്ച വിളിക്കായും നമ്മുടെ സ്വപ്നങ്ങൾക്കായും ദർശനങ്ങൾക്കായും നാം ചുമതലപ്പെട്ടവർ ആയിത്തീർന്നിട്ടുണ്ടോ? വേദപുസ്തകം നമ്മളോടു പറയുന്നു, “ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.” (1 കൊരിന്ത്യർ 15:58). കർത്താവിലുള്ള നിങ്ങളുടെ വേല നിഷ്ഫലം അല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എല്ലായ്പ്പോഴും ചുമതലപ്പെട്ടവരായിരിപ്പിൻ . യേശു പറയുന്നു, “ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും.” (വെളിപ്പാടു 3:15-16)

വളരെ ആഴമേറിയ ചുമതലപ്പെടലാണ് നമുക്കു ആവശ്യം. ചില വേലകൾ മാത്രം ചെയ്താൽ മതിയാകത്തില്ല. യേശുക്രിസ്തുവിനോടുള്ള നമ്മുടെ ചുമതലപ്പെടൽ നല്ല ഉത്സാഹമില്ലാത്തതാണെങ്കിൽ നമ്മുടെ ഏറ്റവും നല്ല പരിപാടികളും പ്രയോജ

നമില്ലാത്തതായിത്തീരുന്നു. യേശുക്രിസ്തുവിനോടു വളരെ ആഴമേറിയ ഒരു ചുമതലപ്പെടൽ നമ്മിൽ ഇല്ലെങ്കിൽ ശീതവാനോ ഉഷ്ണവാനോ ആയിരിക്കുവാനുള്ള ഒരു തീരുമാനം നാം എടുക്കണം.

അന്ത്യനാളുകളിൽ അനേകരുടെ സ്നേഹം തണുത്തുപോകും എന്ന് യേശു നമുക്കു താക്കീതു തന്നിട്ടുണ്ട്. "അധർമ്മം പെരുകുന്നതുകൊണ്ടു അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും." (മത്തായി 24:12-13). യേശുക്രിസ്തുവിനോടുള്ള നിങ്ങളുടെ ചുമതലപ്പെടൽ അവസാനത്തോളം സഹിച്ചു നിൽക്കുവാൻ നിങ്ങളെ സഹായിക്കും.

ഇപ്പോൾ ആകുന്നു ചുമതലപ്പെടുവാനുള്ള നാഴിക.

→ ആഴമേറിയ ചുമതലപ്പെടൽ നമുക്കാവശ്യമാണ്.

→ യേശുവിനോടുള്ള നമ്മുടെ ചുമതല ആവേശമില്ലാത്തതാണെങ്കിലും വളരെ ആഴമേറിയ ഒരു ചുമതലപ്പെടൽ നമുക്കു യേശുവിനോടു ഇല്ലെങ്കിലും, നമ്മുടെ ഏറ്റവും നല്ല പരിപാടികളും പ്രയോജനമില്ലാത്തതായിത്തീരും.

→ 'ചില വേലകൾ' മാത്രം ചെയ്താൽ മതിയാകത്തില്ല.

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

## പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

### സമ്പർക്ക വിവരം:

**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചു പോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

ഇന്നത്തെ ലോകത്തിൽ ചുമതലപ്പെടുത്തൽ എന്ന യോഗ്യത അനുഭവമാക്കാൻ വളരെ പ്രയാസമാണ്. അനേകരും അവരവർക്കു സൗകര്യമായ വിധത്തിൽ കാര്യങ്ങൾ ചെയ്യുവാനാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് യഥാർത്ഥമായും ചുമതലപ്പെട്ടവരെ കണ്ടുപിടിക്കുക വളരെ വിഷമമായിത്തീർന്നിരിക്കയാണ്. ചുമതലപ്പെടുത്തൽ ഒരു ശിക്ഷണം ആണ്. ഇത് സസൂക്ഷ്മം നമ്മൾ എടുക്കുന്ന ഒരു തീരുമാനം ആണ്.

ചുമതലപ്പെടുത്തലിനെപ്പറ്റി വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നുണ്ട്. യേശു പറയുന്നു, "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല." (മത്തായി 6:24) യേശു അർത്ഥമാക്കുന്നത് ഇതു നമ്മുടെ ജന്മസിദ്ധമായ സ്വഭാവം ആണെന്നാണ്. തമ്മിൽ വിപരീതമായിരിക്കുന്ന രണ്ടു കാര്യങ്ങളോട് മനുഷ്യർക്ക് ചുമതലപ്പെട്ടവരായിരിക്കാൻ കഴിയുന്നതല്ല. ഈ പുസ്തകം ശക്തമായി പ്രതിപാദിക്കുന്നത് ചുമതലപ്പെടുത്തലിന്റെ ശക്തിയെയും നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ചുമതലപ്പെട്ടവരായിരിക്കുവാൻ നിങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യും. ഇപ്പോൾ (ഞ) ഇപ്പോൾ ആകുന്നു ചുമതലപ്പെടുവാനുള്ള സമയം.

**അഷീഷ് റായിച്ചൂർ**